**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823</u>** **<u>20-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ആശ്വാസകിരണം പദ്ധതി കുടിശ്ശിക</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് നല്കുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; | (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റു അനുബന്ധ രേഖകൾ എന്നിവ 01/08/2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കാൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ എത്ര മാസക്കാലത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ആശ്വാസകിരണം പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റു അനുബന്ധ രേഖകൾ എന്നിവ 01/08/2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കാൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധ**മായി ചേർക്കുന്നു. |
| (ഡി) | ആശ്വാസകിരണം പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംസ്ഥാനത്ത് നിർത്തിവെച്ചിട്ടുണ്ടോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2333 |
| 2 | കൊല്ലം | 982 |
| 3 | പത്തനംതിട്ട | 423 |
| 4 | ആലപ്പുഴ | 1114 |
| 5 | കോട്ടയം | 622 |
| 6 | എറണാകുളം | 1268 |
| 7 | ഇടുക്കി | 223 |
| 8 | തൃശ്ശൂർ | 1260 |
| 9 | പാലക്കാട് | 1797 |
| 10 | മലപ്പുറം | 3392 |
| 11 | കോഴിക്കോട് | 3363 |
| 12 | കണ്ണൂർ | 1867 |
| 13 | വയനാട് | 231 |
| 14 | കാസർഗോഡ് | 354 |
| | ആകെ | 19229 |